**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 394** **23-02-2022 - ൽ മറുപടിയ്ക്ക്**

**ജപ്തി ഭീഷണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് മഹാമാരി തുടരുന്ന സാഹചര്യത്തിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നൂറുകണക്കിന് കുടുംബങ്ങളുടെ കിടപ്പാടം ജപ്തി ഭീഷണി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (എ) | ബാങ്കിംഗ് എന്ന വിഷയം ഇന്ത്യൻ ഭരണഘടനയുടെ യൂണിയൻ ലിസ്റ്റിൽ 45-ാം ഇനമായി ഉൾപ്പെട്ടിട്ടുള്ളതിനാൽ ഈ വിഷയത്തിലുള്ള നിയമനിർമ്മാണത്തിനുള്ള അധികാരം പാർലമെന്റിൽ നിക്ഷിപ്തമാണ്. ആയതിനാൽ പാർലമെന്റ് രൂപീകരിച്ചിട്ടുള്ള സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും നിയമാനുസൃതം സ്വീകരിക്കുന്ന നടപടികളിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളേറെയുണ്ട്. ദേശസാൽകൃത ബാങ്കുകൾ, സ്വകാര്യ ബാങ്കുകൾ എൻ.ബി.എഫ്.സി കൾ, എം.എഫ്.ഐ കൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31 വരെ മോറട്ടോറിയം പ്രഖ്യാപിക്കുവാൻ റിസർവ്വ് ബാങ്കിനോടും സംസ്ഥാനതല ബാങ്കേഴ്സ് സമിതിയോടും സർക്കാർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ, ഇക്കാര്യത്തിൽ ഒരു അനുകൂല സമീപനം റിസർവ്വ് ബാങ്കിന്റെ ഭാഗത്തു നിന്നും ലഭിച്ചില്ല. സംസ്ഥാനത്തെ കർഷകരും മത്സ്യതൊഴിലാളികളും ചെറുകിട കച്ചവടക്കാരും ഉൾപ്പെടെയുള്ളവർ ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നാക്കവിഭാഗ വികസന കോർപറേഷൻ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്റ്റ് 1968 ലെ 71-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള കാർഷികവായ്പ, വിദ്യാഭ്യാസ വായ്പ, ക്ഷീര വികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള എല്ലാ വിധ വായ്പകളിൻമേലുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ മാസം 31 വരെ സർക്കാർ |

| | | | |
|---|---|---|---|
| | | | മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. കോവിഡ് മഹാമാരിയെ തുടർന്ന് കേരള റവന്യൂ റിക്കവറി നിയമപ്രകാരം കുടിശ്ശികക്കാരായ ഒരു വ്യക്തിക്കെതിരെയും ജപ്തി നടപടി സ്വീകരിച്ചിട്ടില്ല. പൊതുമേഖലാ സ്ഥാപനമായ കെ.എസ്.എഫ്.ഇയിലും കുടിശ്ശിക അക്കൗണ്ടുകളിൽ റവന്യൂ റിക്കവറിയുടെ ഭാഗമായി ജപ്തി നടപടികളൊന്നും ഇപ്പോൾ നടത്തുന്നില്ല. കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് എന്നീ ബാങ്കുകളിൽ നിന്നും നൽകിയിട്ടുള്ള വിവിധ തരത്തിലുള്ള വായ്പകളിൽ വായ്പാ തുക കുടിശ്ശികയായവ ഇളവുകളോടു കൂടി അവസാനിപ്പിക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2022 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ആർബിട്രേഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതും, ജപ്തി നടപടികൾ സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുള്ളതുമായ വായ്പകൾക്ക് മുൻഗണന നൽകുന്നതിനും, ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഇളവുകൾ നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ